**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2891 — 13.07.2015 - ലെ മറുപടിക്ക്

**കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ നിയമന ശുപാർശ**

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | കാറ്റഗറി നം. 349/2008 പ്രകാരമുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II റാങ്ക് ലിസ്റ്റിൽ നിന്നും ഏറ്റവും ഒടുവിൽ നിയമന ശിപാർശ നൽകിയ തീയതി വ്യക്തമാക്കാമോ; | (എ) | 01.06.2015- നാണ് ഏറ്റവും ഒടുവിൽ നിയമന ശിപാർശ നൽകിയത്. ഈ തീയതിക്കു ശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട 41 ഒഴിവുകളുടെ റൊട്ടേഷൻ 06.07.2015 - ന് അംഗീകരിക്കുകയും നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. |
| (ബി) | പ്രസ്തുത തീയതിക്ക് ശേഷം ടി തസ്തികയിൽ സെക്രട്ടേറിയറ്റ്, പി.എസ്.സി., ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പുകളിൽ നിന്നും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകുമോ ; | (ബി) | ധനകാര്യ വകുപ്പിൽ നിന്നും 04.07.2015- ന് 14 ഒഴിവുകളും, ലോക്കൽ ഫണ്ട് ആഡിറ്റിൽ നിന്നും 06.07.2015 - ന് 2 ഒഴിവുകളും ലഭിച്ചിട്ടുണ്ട്. |
| (സി) | ഏറ്റവും ഒടുവിൽ നിയമന ശിപാർശ നടത്തി ആറുമാസം കഴിഞ്ഞിട്ടും നിരവധി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും നിയമന ശിപാർശ നൽകാൻ കാലതാമസമുണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ ; | (സി) | 01.06.2015- നാണ് അവസാനമായി നിയമന ശിപാർശ നടന്നത്. |
| (ഡി) | പ്രസ്തുത ഒഴിവുകളിലേക്ക് നിയമന ശിപാർശ അയക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ? | (ഡി) | റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ ഉടൻ നിയമന ശിപാർശ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ